3100
9/2/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- കോട്ടയം ഫോറസ്റ്റ് ഡിവിഷനിലെ എരുമേലി റെയിഞ്ചിലെ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പി.വിജയൻകുട്ടി, ഫോറസ്റ്റർ സമർപ്പിച്ച അപ്പീൽ-നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.482/2017/വനം തീയതി, തിരുവനന്തപുരം 13.12.2017

പരാമർശം :- 1) 26.12.2013 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി3-30979/12 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.

2) 08.05.2015 ലെ റ്റി.എസ്3-1595/14 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

3) 25.11.2016 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി3-30979/12 നമ്പർ ഉത്തരവ്.

4) 10.04.2017 ൽ ശ്രീ.പി.വിജയൻകുട്ടി സമർപ്പിച്ച അപ്പീൽ പരാതി.

5) 06.06.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി3-30979/12 നമ്പർ ഉത്തരവ്.

**ഉത്തരവ്**

കോട്ടയം ഫോറസ്റ്റ് ഡിവിഷനിലെ എരുമേലി റെയിഞ്ചിൽപ്പെട്ട കുറ്റിപ്ലാങ്ങോട് വനമേഖലയിൽ നിന്നും വനം, റവന്യൂ പോലീസ് അധികാരികളുടെ ഒത്താശയോടുകൂടി വിലപിടിച്ച മരങ്ങൾ വെട്ടി കടത്തുന്നതായി പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് കോട്ടയം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ആന്റ് പ്രൊട്ടക്ഷൻ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തുകയും താഴെപ്പറയുന്ന വസ്തുതകൾ കണ്ടെത്തുകയും ചെയ്തു.

2) കോട്ടയം ഫോറസ്റ്റ് ഡിവിഷന്റെ എരുമേലി റെയിഞ്ചിൽ 06/2011 മുതൽ 05/2012 വരെ അനധികൃതമായി താഴെപ്പറയുന്ന ഇനത്തിലും

അളവിലുംപെട്ട തടികൾ കടത്തിക്കൊണ്ടു പോയിട്ടുള്ളതായി എരുമേലി റെയിഞ്ചിലെ രേഖകളിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | ഇനം | അളവ് | തടിയുടെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വില |
|---|---|---|---|
| 1) | ഈട്ടി തടി | 39.834 ഘനമീറ്റർ | 34,63,167/- രൂപ |
| 2) | ഈട്ടി ബില്ലറ്റ് | 03.30 ഘനമീറ്റർ | 1,95,690/- രൂപ |
| 3) | തേക്ക് | 08.140 ഘനമീറ്റർ | 4,44,738/- രൂപ |
| 4) | ചന്ദനവേമ്പ് | 10.327 ഘനമീറ്റർ | 99,965/- രൂപ |
| | ആകെ | 61.601 ഘനമീറ്റർ | 42,03,560/- രൂപ |

3) നീക്കം ചെയ്ത തടികളുടെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വിലയ്ക്ക് പുറമെ സർക്കാരിന് ലഭിക്കേണ്ട മൂല്യവർദ്ധിത നികുതി, വന വികസന നികുതി, ആദായ നികുതി, വിദ്യാഭ്യാസ സെസ്സ് എന്നീ ഇനങ്ങളിലൽ 9,34,998/- രൂപയുടെ നഷ്ടവും ചേർത്ത് ആകെ 51,38,558/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ റെയിഞ്ച് ഫോറസ്റ്റാഫീസറായിരുന്ന ശ്രീ.ജെ.ഷാജിയും താഴെപ്പറയുന്ന ഉദ്യോഗസ്ഥരും ഉത്തരവാദികളാണ്.

1) ശ്രീ.പി.ബി.സോമരാജൻ, ഫോറസ്റ്റർ

2) ശ്രീ.എൻ.വി.ശ്രീകാന്ത്, ഫോറസ്റ്റർ

3) ശ്രീ.പി.വിജയൻകുട്ടി, ഫോറസ്റ്റർ

4) ശ്രീ.എസ്.രാജഗോപാൽ, ഫോറസ്റ്റ് ഗാർഡ്

5) ശ്രീ.കെ.എസ്.രാജു, ഫോറസ്റ്റ് ഗാർഡ്

6) ശ്രീ.പി.വിജയകുമാർ, ഫോറസ്റ്റ് ഗാർഡ്

7) ശ്രീ.റ്റി.സനൽ രാജ്, ഫോറസ്റ്റ് ഗാർഡ്

8) ശ്രീ.എസ്.പ്രസീദ, ഫോറസ്റ്റ് ഗാർഡ്

9) ശ്രീ.വി.ആർ.നിഷാന്ത്, ഫോറസ്റ്റ് ഗാർഡ്

10) ശ്രീ.എ.സെയ്ദാലി, ഫോറസ്റ്റ് ഗാർഡ്

11) ശ്രീ.പി.ഉദയഭാനു, ഫോറസ്റ്റ് ഗാർഡ്

4) ശ്രീ.ജെ.ഷാജിയെയും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.വിജയൻകുട്ടിയെയും സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയുമുണ്ടായി.

ഈ വിഷയത്തിൽ മേൽ പ്രതിപാദിച്ചിട്ടുള്ള 1 മുതൽ 11 വരെയുള്ള കുറ്റാരോപിതർക്ക് പരാമർശം (1) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചു.

5) ശ്രീ.ജെ.ഷാജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരായി സർക്കാർ ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും, ടിയാനെതിരായ ചാർജ്ജുകളെല്ലാം തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി തുടർന്നു വരികയും ചെയ്യുന്നു.

6) ബാക്കി 11 കുറ്റാരോപിതർക്കെതിരായ പരാമർശം (2) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടിയാന്മാർക്കെതിരായ ചാർജ്ജുകളെല്ലാം തന്നെ തെളിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

7) ഈ സാഹചര്യത്തിൽ ടി വിഷയത്തിലെ ആകെ സർക്കാർ നഷ്ടമായ 51,38,558/- രൂപ കുറ്റാരോപിതരിൽ നിന്നും തുല്യമായി 4,28,213/- രൂപ വീതം ഈടാക്കുന്നതിന് തീരുമാനിച്ചു.

8) കാരണം കാണിക്കൽ നോട്ടീസ് നൽകിയവരിൽ ശ്രീ.പി.വിജയൻകുട്ടി 31.05.2013 ൽ വിരമിച്ചു.

9) ടിയാൻ സമർപ്പിച്ച സമാധാനത്തിൽ കുറ്റവിമുക്തനാക്കാൻ പര്യാപ്തമായ വസ്തുതകളോ തെളിവുകളോ ഒന്നും തന്നെ ഉന്നയിച്ചിട്ടില്ല. ആയതിനാൽ ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം 3 (എ) അനുസരിച്ച് കാരണം കാണിക്കൽ നോട്ടീസിലെ ശിക്ഷ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 4,28,213/- രൂപ ശ്രീ.പി.വിജയൻകുട്ടി, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ പക്കൽ നിന്നും ഈടാക്കുന്നതിനും ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് തുല്യമായ തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ച് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിനെതിരെയാണ് പരാമർശം (4) പ്രകാരം ശ്രീ.പി.വിജയൻകുട്ടി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) സർക്കാരിൽ അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ളത്. സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപ്പീൽ പരാതിയിൽ ടിയാൻ ഇപ്രകാരം വാദിച്ചിട്ടുണ്ട്.

10) പീരുമേട് തഹസീൽദാർ സ്ഥലത്തെ സംബന്ധിച്ച് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്ത് പോയി പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷമാണ് ടിയാൻ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ടിയാന് നൽകിയ കുറ്റപത്രത്തിനും കുറ്റാരോപണ പത്രികയ്ക്കും എതിരെ ഔപചാരികാ അന്വേഷണ ഉദ്യോഗസ്ഥനായ കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുമ്പാകെ പ്രതിവാദ പത്രിക സമർപ്പിച്ചു. എൻക്ലോഷറിൽ നിന്നും ശേഖരിക്കുന്ന തടികൾക്ക് മുൻകാലങ്ങളിൽ പാസ് എരുമേലി റേഞ്ചിൽ നിന്നും അനുവദിച്ച് പോന്നിട്ടുണ്ട് എന്നും ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ പ്രകാരം, ബന്ധപ്പെട്ട വനം നിയമത്തിന്റെയും റിസർവ്വ് വിജ്ഞാപനത്തിന്റെയും സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ, ഉറുമ്പിക്കര എൻക്ലോഷറുകൾ റിസർവ്വ് വനമല്ല എന്നുള്ള വസ്തുത അംഗീകരിക്കണമെന്നും ടിയാന്റെ മേൽ അന്യായമായി എടുത്ത ഈ നടപടി പിൻവലിക്കുകയും ആയതു മൂലം ടിയാന് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മേൽ സംഗതികൾ നേരിൽ കേൾക്കുവാൻ ഒരു അവസരം നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

11) ശ്രീ.പി.വിജയൻകുട്ടി സമർപ്പിച്ച പരാതിയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരം താഴെപ്പറയുംവിധം അഭിപ്രായപ്പെട്ടു.

12) ഉറുമ്പിക്കര 1936 മെയ് 1,2, തീയതികളിലെ നോട്ടിഫിക്കേഷൻ പ്രകാരം റിസർവ്വാക്കിയിട്ടുണ്ട്. റിസർവ്വിനുള്ളിലെ സ്വകാര്യ അവകാശങ്ങൾ സംബന്ധിച്ച ഭാഗത്ത് 16 സബ് ഡിവിഷനിലെ സർവ്വേ നമ്പറുകളിലായി 9 രജിസ്റ്റേഡ് ഹോൾഡിംഗ്സ് ഉള്ളതായി പറയുന്നു. ഇതിൽ 1.38 ഏക്കർ വരുന്ന 2/2 എ സർവ്വേയിൽപ്പെടുന്ന പെരുവന്താനം ബിറ്റ്-II റിസർവ്വിന്റെ പുറത്തെ അതിരിനോട് ചേർന്നു കിടന്നതിനാൽ റിസർവ്വിന്റെ അതിർത്തി പുനർനിർണ്ണയം നടത്തി ഒഴിവാക്കിയതായി പറഞ്ഞിട്ടുണ്ട്. 7 സ്ഥലങ്ങളിലായി കിടക്കുന്ന മറ്റു 15 സർവ്വേ നമ്പറുകളിലെ ഭൂമി റിസർവ്വിനുള്ളിലെ എൻക്ലോഷറുകളാണ്. നോട്ടിഫിക്കേഷന്റെ മൂന്നാം ഭാഗത്ത് റിസർവ്വിനുള്ളിൽ താമസിക്കുന്ന അരയന്മാരുടെ അവകാശം സംബന്ധിച്ച് പറയുന്നുണ്ട്. ഇതിനുസരിച്ച് ചില തോടുകളിൽ നിന്നും കുടിക്കാനും മറ്റും വെള്ളം എടുക്കുന്നതിനും, വനം വകുപ്പിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി വ്യാപാരത്തിനല്ലാതെ സ്വകാര്യ ആവശ്യങ്ങൾക്കായി ചൂരൽ, മുള, പുല്ല് തുടങ്ങിയ വനവിഭവങ്ങൾ എടുക്കുന്നതിനുമല്ലാതെ റിസർവ്വിൽ മറ്റ് അവകാശങ്ങളൊന്നും നൽകിയിട്ടില്ല.

13) ഡിസ് റിസർവ്വ് എൻ.ആർ.എഫ്. ഭൂമികൾക്ക് ലഭിച്ച പട്ടയത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഉദ്യോഗസ്ഥർ കരം സ്വീകരിക്കുന്ന അവസ്ഥ നിലവിലിരിക്കേ, റിസർവ്വ് വനഭൂമിയ്ക്ക് നികുതി സ്വീകരിക്കുവാനോ പട്ടയം നൽകുവാനോ കഴിയില്ലെന്ന വാദം അടിസ്ഥാനരഹിതമാണ്. മാത്രമല്ല, 22.04.2012 ൽ കുറ്റാരോപിതൻ സ്ഥലവാസികൾക്ക് നൽകിയിരിക്കുന്ന സ്റ്റോപ്പ് മെമ്മോയിൽ ടി സ്ഥലത്തിന് പട്ടയമില്ലെന്നും റിസർവ്വ് ഭൂമിയാണെന്ന് അനുമാനിക്കുന്നതായും പറഞ്ഞിരിക്കുന്നതിൽ നിന്നും മരം കൊണ്ടു പോകാനനുവദിച്ചത് അബദ്ധത്തിൽ സംഭവിച്ച തെറ്റല്ല എന്ന് വ്യക്തമാണ്.

14) കൂടാതെ ഇത്തരം ഭൂമി 2005 ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ 2 (സി) വകുപ്പിലെ നിർവ്വചന പ്രകാരം വനേതര ഭൂമിയിൽപ്പെടുന്നതല്ല. ആയതിനാൽ മരം മുറിച്ച് നീക്കം ചെയ്തത് നിയമ വിധേയമായിരുന്നു എന്ന വാദം നിലനിൽക്കുന്നതല്ല.

15) മേൽ വിവരിച്ച സംഗതികളുടെ വെളിച്ചത്തിൽ ടിയാന്റെ അപേക്ഷ പരിഗണനാർഹമല്ലെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിരിക്കുന്നു.

16) അപ്പീലിന്മേൽ ശ്രീ.പി.വിജയൻകുട്ടിയെ 26.10.2017 ന് നേരിൽ കേൾക്കുകയുണ്ടായി.

17) മുമ്പ് പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ് നേരിൽ കേട്ട വേളയിലും ടിയാൻ ആവർത്തിച്ചത്. മരംമുറി നടന്ന സ്ഥലം, വ്യക്തികൾ കരമടച്ചു വരുന്ന സ്വകാര്യഭൂമി തന്നെയാണെന്നും, വനഭൂമിയല്ലെന്നും, ഉള്ള വാദം തന്നെയാണ് ടിയാൻ പ്രധാനമായും ഉന്നയിച്ചത്. റിസർവ്വ് ഭൂമിയെന്ന് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതാണെന്നും, തികച്ചും ആത്മാർത്ഥതയോടെ വനം വകുപ്പിൽ ജോലി ചെയ്തിട്ടുള്ള തന്നെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചു. കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ടാണ് ഈ അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടുള്ളതെന്നും, വനഭൂമി റിസർവ്വ് ചെയ്യപ്പെട്ടു കൊണ്ടുള്ള നോട്ടിഫിക്കേഷന് അനുസൃതമായിട്ട് തന്നെയാണ് തുടർനടപടി സ്വീകരിച്ചതെന്നും ഹിയറിംഗിൽ പങ്കെടുത്ത വനം വകുപ്പുദ്യോഗസ്ഥർ അറിയിച്ചു.

18) നേരിൽ കേട്ട വസ്തുതകളും, ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ അച്ചടക്ക നടപടി കൃത്യമായ ചട്ടങ്ങൾക്കനുസൃതമായാണ് തീർപ്പാക്കിയിട്ടുള്ളത് എന്ന് സർക്കാർ കാണുന്നു. അച്ചടക്ക നടപടി ആരംഭിച്ചതു മുതൽ പ്രസ്തുത സ്ഥലം സ്വകാര്യഭൂമിയാണെന്ന വാദഗതി ശ്രീ.പി.വിജയൻകുട്ടി ഉന്നയിക്കുന്നുണ്ട്. എന്നാൽ ഔപചാരികാ ന്വേഷണം നടത്തി റിസർവ്വ് ഭൂമിയാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ്

അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. നേരിൽ കേട്ട വേളയിൽ സമർപ്പിച്ചിട്ടുള്ള തെളിവുകൾ എല്ലാം തന്നെ, ഔപചാരികാന്വേഷണത്തിലും ടിയാൻ സമർപ്പിച്ചിട്ടുള്ളതാണ്. പുനഃപരിശോധിക്കേണ്ടതായ യാതൊരു പുതിയ വസ്തുതകളും നേരിൽ കേട്ട സമയത്ത് സമർപ്പിക്കപ്പെട്ടിട്ടില്ല. അതിനാൽ പരമാർശം (4) പ്രകാരം ടിയാൻ സമർപ്പിച്ച അപ്പീൽ പരിഗണനാർഹമല്ല എന്നതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

ശ്രീ.പി.വിജയൻകുട്ടി, ഫോറസ്റ്റർ ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ